**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5037** **11-08-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന ലിസ്റ്റിലെ അനർഹർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ മുൻഗണന ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായോ; അറിയിക്കുമോ; | (എ) | ഇല്ല. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആണ്. |
| (ബി) | സംസ്ഥാനത്താകെ അനർഹരായ എത്രപേർ ഇത്തരത്തിൽ മുൻഗണന ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) | 6,68,122. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുൻഗണന ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ ഒഴിവാകാത്ത എത്ര കാർഡ് ഉടമകൾ ഉണ്ട്; ഇവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | അനർഹമായ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കുന്നതിന് അവസരം നൽകിയതിനെ തുടർന്ന് 2021, ജൂലൈ 15 വരെ 75263 കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്. പരിശോധനയിൽ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തുന്നവർക്കെതിരെ KTPDS (Control) Orderലെ ഖണ്ഡിക 11 പ്രകാരം താഴേ പറയുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും. 1) നിയമത്തിലെ സെക്ഷൻ 9 പ്രകാരമുള്ള ക്രിമിനൽ നടപടികൾ. 2) കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖല, സർക്കാർ സഹായത്തോടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ജീവനക്കാരാണെങ്കിൽ അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ 3) റേഷൻ കാർഡ് റദ്ദാക്കൽ 4) കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച നിരക്കിൽ (ഇക്കണോമിക്/ കമ്പോള നിരക്ക്) സർക്കാരിനുണ്ടായ നഷ്ടം വീണ്ടെടുക്കൽ. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | മുൻഗണനയിൽ നിന്നും ഒഴിവാക്കിയ കാർഡുകളുടെ എണ്ണം | സ്വമേധയാ സറണ്ടർ ചെയ്ത കാർഡുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 87484 | 6280 |
| കൊല്ലം | 73757 | 5352 |
| പത്തനംതിട്ട | 19561 | 3369 |
| ആലപ്പുഴ | 37999 | 4681 |
| കോട്ടയം | 27385 | 4122 |
| ഇടുക്കി | 15857 | 2710 |
| എറണാകുളം | 39498 | 6639 |
| തൃശ്ശൂർ | 60079 | 4728 |
| പാലക്കാട് | 55318 | 6823 |
| മലപ്പുറം | 61559 | 15959 |
| കോഴിക്കോട് | 46882 | 5799 |
| വയനാട് | 17997 | 2921 |
| കണ്ണൂർ | 26815 | 3650 |
| കാസർഗോഡ് | 22668 | 2230 |
| **ആകെ** | **592859** | **75263** |
| Grand Total | 668122 | |

സെക്ഷൻ ഓഫീസർ